**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **12-02-2024 - ൽ മറുപടിയ്ക്ക്**

**കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് എന്തു വിലയാണ് ഇപ്പോൾ നൽകി വരുന്നത്; ഈ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാന താങ്ങുവിലയും (MSP) 21.83 രൂപയും സംസ്ഥാന സർക്കാരിന്റെ സംസ്ഥാന പ്രോത്സാഹന ബോണസും (SIB) 6.37 രൂപയും കൈകാര്യ ചിലവായ 12 പൈസയും കൂടി ചേർത്ത് 1 കി.ഗ്രാം നെല്ലിന് 28.32 രൂപ കർഷകർക്ക് നൽകി വരുന്നു.<br><br>2023-24 സീസണിൽ കർഷകർക്ക് നെല്ലിന്റെ വില ലഭ്യമായിട്ടില്ല എന്ന ആക്ഷേപം ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | നെല്ല് സംഭരണ സമയത്ത് മില്ലുടമകൾ പല കാരണങ്ങളും പറഞ്ഞ് നെൽ കർഷകർക്ക് യഥാർത്ഥ വില നൽകാതെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൃത്യമായും സർക്കാർ പ്രഖ്യാപിച്ച വില തന്നെ കർഷകർക്ക് ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ തൂക്കം വ്യക്തമാക്കി പാഡി റെസീപ്റ്റ് ഷീറ്റ് നൽകുകയും ആയതിൽ രേഖപ്പെടുത്തിയിട്ടുള്ള തൂക്കത്തിന് കൃത്യമായി സർക്കാർ പ്രഖ്യാപിച്ച നിരക്കിൽ നെല്ലിന്റെ വിലയിൽ യാതൊരു കുറവും വരുത്താതെ കർഷകർക്ക് നൽകി വരുന്നുണ്ട്. നെല്ലിന്റെ താങ്ങുവില പത്രമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയിട്ടുള്ളതാകായാൽ തന്ന അളവിന് തുല്യമായി തുക ലഭിച്ചുവെന്ന് കർഷകർക്ക് ബോധ്യപ്പെടുന്നതുമാണ്. കൂടാതെ നെല്ലിന്റെ തൂക്കവും വിലയും കർഷകർക്ക് പരിശോധിച്ച് ഉറപ്പുവരുത്താവുന്നവിധത്തിൽ സപ്ലൈകോ പാഡി പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>സപ്ലൈകോ തുക കുറച്ച് നൽകുന്നതായി ആരും പരാതി ഉന്നയിച്ചിട്ടില്ല. |
| (സി) | കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് യഥാർത്ഥവില നൽകാതെ കബളിപ്പിക്കുന്നു എന്ന കർഷകരുടെ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | (ബി) പിരിവിൽ കാണാവുന്നതാണ് . |

സെക്ഷൻ ഓഫീസർ